<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410</u> <u>04-07-2022 - ൽ മറുപടിയ്ക്ക്</u>

<u>പാലക്കാട് ജില്ലയിലെ ടൈപ്പിസ്റ്റ് വേക്കൻസികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ടൈപ്പിസ്റ്റ് വേക്കൻസികൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെടാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ 31.05.2022 -ന് ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | സർക്കാരിന്റെ 05-10-2021-ലെ സർക്കുലർ നമ്പർ ഉ.പ.സി 3/174/2021/ഉ.ഭ.പ.വ പ്രകാരം പാലക്കാട് ജില്ലയിൽ പൊതുവിദ്യഭ്യാസ വകുപ്പിലെ 2022-23 വർഷത്തെ വിരമിക്കൽ ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഫയൽ നമ്പറും തീയതിയും ലഭ്യമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ 31.05.2022 -ന് ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടായ ഒരു വിരമിക്കൽ ഒഴിവ് പ്രതീക്ഷിത ഒഴിവായി പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടില് |
| (സി) | ജില്ലയിലെ പ്രസ്തുത വകുപ്പിൽ ഈ വർഷം രണ്ട് വിരമിക്കൽ ഒഴിവുകൾ ഉണ്ടായിരിക്കെ മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 21-10-2021-ലെ സി3/42/2018/ഡി.ജി.ഇ. പ്രകാരം നിർദേശം നൽകിയിട്ടും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസ് പ്രസ്തുത നിർദേശം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (സി) | പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികയിൽ ഈ വർഷം 31/05/2022 -ലെ ഒരു വിരമിക്കൽ ഒഴിവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. ടി ഒഴിവിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിതരായ രണ്ട് ജീവനക്കാരിൽ നിന്നും മാതൃജില്ലയിലേയ്ക്കുള്ള സ്ഥലം മാറ്റ അപേക്ഷകൾ ലഭ്യമായിട്ടുള്ള-തിനാലാണ് പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്യാതിരുന്നത്. |
| (ഡി) | എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ തടഞ്ഞുവെക്കുന്നതായി പറയപ്പെടുന്ന പ്രവണത അവസാനിപ്പിക്കാൻ കർശന നിർദ്ദേശം നൽകി മേൽനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഒഴിവുകൾ പി.എസ്.സി.യ്ക്ക് - റിപ്പോർട്ട് ചെയ്യുന്നത് തടഞ്ഞുവെക്കപ്പെട്ടിട്ടില്ല. 2022 വർഷത്തിലെ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടക്കുന്ന സാഹചര്യത്തിൽ ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിതരായ ജീവനക്കാരന് സ്ഥലംമാറ്റം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ